## നവകേരള സദസ്സ്

**പ്രൊസീഡിംഗ്സ് നമ്പർ- 100/2023 IVO -3, LSGD ,Idukki dtd**

**14/03/2024**

പരാതിക്കാരൻ - ഡോക്കറ്റ് നമ്പർ - **IDK2422**-ശ്രീ. മാർട്ടിൻ എന്നയാൾ **92** സെന്റ് സ്ഥലത്തിന്റെ മദ്ധ്യത്തിലായി വീട് പണിയുന്നതിന് **08.07.2021 A4- ബിഎ(141515)/2021** നമ്പർ പെർമിറ്റ് വാങ്ങിയിരുന്നു. പണി പൂർത്തിയായതിനുശേഷം നമ്പരിംഗിനു ചെന്നപ്പോൾ അതിൽ **10** സെന്റ് കുറവ് കണ്ടതിനാൽ പെർമിറ്റ് ക്യാന്സല് ചെയ്ത് ക്രമവത്കരിക്കുന്നതിന് അപേക്ഷകനോട് പഞ്ചായത്ത് ആവശ്യപ്പെട്ടു. ക്രമവത്കരണത്തിനുള്ള ഭീമമായ ഫീസ് അടയ്ക്കുന്നതിന് ശേഷിയില്ലാത്തതിനാല് ആയത് ഒഴിവാക്കി നല്കണമെന്നുള്ളതാണ് പരാതി സംഗതി.

## സെക്രട്ടറിയുടെ റിപ്പോർട്ട്

പ്രസ്തുത പരാതി പരിശോധിച്ചതിൽ ടിയാൻ ഇരട്ടയാർ വില്ലേജിൽ S1/1-1156-1 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 3723 ച.മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് 213.58 m2 വിസ്തൃതി വരുന്ന താമസ കെട്ടിടത്തിന് A4- BA(141515) 2021 പെർമിറ്റ് പ്രകാരം പഞ്ചായത്തിൽ നിന്നും അനുമതി നേടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടട നമ്പർ/ഒക്യുപൻസി ക്കായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചപ്പോൾ അപേക്ഷകൻ പെർമിറ്റ് നേടിയ പ്ലോട്ടിൽ നിന്നും 405m2 വിസ്തൃതി വരുന്ന ഭാഗം മറ്റൊരാൾക്ക് വിറ്റത് കാരണം പ്ലോട്ട് വിസ്തൃതിയിൽ കുറവ് വരുകയും KPBR 2019 ചട്ടം 19(5) Permit is issued becomes invalid if part of the plot included in the approved plan is transferred or sold to any other person (അംഗീകൃത പ്ലാനിൽ ഉൾപ്പെട്ട പ്ലോട്ടിന്റെ ഭാഗം മറ്റേതെങ്കിലും വ്യക്തിക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്താൽ അനുവദിച്ച പെർമിറ്റ് അസാധു ആകുന്നതാണ്.) പ്രാകാരം ചട്ട ലംഘനം വന്നതിനാൽ (അനുവദിച്ച പെർമിറ്റ് അസാധു ആയ കാരണത്താൽ)ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിട്ടില്ല.

# തീരുമാനം

അപേക്ഷകൻ ടിയാളുടെ പ്ലോട്ടിന്റെ ചെറിയ ഒരു ഭാഗം മറ്റൊരാൾക്ക് വിൽക്കപ്പെട്ടുവെങ്കിലും മറ്റ് കെട്ടിട നിർമ്മാണ ചട്ടലംഘനങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ നിലവിലുള്ള KPBR 2019 ചട്ടം 19/(5) ൽ അത്തരത്തിൽ ചട്ടലംഘനങ്ങൾ ഇല്ലാതെ വിൽക്കപ്പെട്ടുവെങ്കിൽ നിലവിലുള്ള പെർമിറ്റ് സാധുവാകുന്നതാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഇത്തരം സാഹചര്യത്തിൽ (നിലവിലുള്ള ചട്ടങ്ങളിൽ ലംഘനമില്ലാതെ പ്ലോട്ടിൽ കുറവ് വരുന്ന പക്ഷം പെർമിറ്റ് സാധുവാക്കുന്നതായിരിക്കും എന്നുള്ളതിന് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരേണ്ടതാണ്. ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം ബഹു. സർക്കാരിൽ നിക്ഷിപ്തമായതിനാലും പ്രസ്തുത പരാതിയിൽ പരിഹാരം നൽകുന്നതിനുമായി പ്രസ്തുത അപേക്ഷ മാനുഷിക പരിഗണന വച്ചും കൂടി പരിഗണിക്കുന്നതിന് ബഹു. സർക്കാരിലേയ്ക്ക് ഇടുക്കി ജോയിന്റ് ഡയറക്ടർ .എൽ.എസ്.ജി.ഡി

31.05.2023 തീയതി DDP-IDK/1602/2023-C4 നമ്പർ ആയി ബഹു. പ്രിൻസിപ്പൽ ഡയറക്ടർ,എൽ.എസ്.ജി.ഡി മുഖേന ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശയിന്മേൽ ഫോളോ അപ് ചെയ്ത് ടി അപേക്ഷ പരിഗണിക്കുന്നതിന് ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി കൊണ്ട് ടി ഫയലിമേലുള്ള നടപടികൾ അവസാനിപ്പിച്ച് കൊള്ളുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603